പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2960 — 17.10.2016 -ൽ മറുപടിക്ക്

## ഭക്ഷ്യനിയമം നടപ്പാക്കാത്തതുമൂലമുള്ള വിലവർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭക്ഷ്യനിയമം നടപ്പാക്കാത്തതുമൂലം കേന്ദ്രം അനുവദിക്കുന്ന റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലവർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;<br>(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ വർദ്ധനവ് ബാധകമായിട്ടുള്ളത്; വിവരിക്കുമോ ; | (എ) & (ബി) എഫ്.സി.ഐ യിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ച് വരുന്ന എ.പി.എൽ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ കേന്ദ്ര സർക്കാർ വില വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) ഈ വിലവർദ്ധനവിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) ഭക്ഷ്യ ഭദ്രതാ നിയമം നിശ്ചിത സമയത്തിനുള്ളിൽ സംസ്ഥാനത്ത് നടപ്പിലാക്കാത്തതാണ് കാരണം. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുക, ഓൺലൈൻ അലോട്ട്മെന്റ് നല്കുക, വാതിൽപ്പടി വിതരണം നടത്തുക, സംസ്ഥാന-ജില്ലാ തല പരാതി പരിഹാര ഓഫീസർമാരെ നിയമിക്കുക, സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടത്തുക എന്നീ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. |
| (ഡി) ഇതു സംബന്ധിച്ച് നിയമസഭാ പാസ്സാക്കിയ പ്രമേയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം എന്തായിരുന്നു; വിശദമാക്കുമോ ? | (ഡി) ഉണ്ട്; സംസ്ഥാനത്തിന്റെ പൊതു വികാരം പരിഗണിക്കാം എന്നായിരുന്നു പ്രതികരണം. എന്നാൽ തന്നെയും നവംബർ 1 മുതൽ National Food Security Act നടപ്പാക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന് കർശന നിലപാടാണുള്ളത്. |

സെക്ഷൻ ഓഫീസർ